# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 02.04.2018 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 6093

## പുതിയ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | യുവവ്യവസായ സംരംഭകരുടെ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) & (ബി) | കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ യുവ സംരംഭങ്ങൾക്കു പ്രാഥമിക മൂലധനസഹായം (സീഡ് ഫണ്ട് സഹായം) നൽകുന്നുണ്ട്. നൂതനമായ യുവസംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധനസഹായവും ഇൻകുബേഷൻ സൗകര്യങ്ങളും മറ്റു മാർഗ്ഗ നിർദ്ദേശ സെമിനാറുകളും, ചർച്ചായോഗങ്ങളും നടത്തി വരുന്നു. കൂടാതെ, വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികം ഉൾപ്പെടെ സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുമുള്ള യുവ സംരംഭകത്വ വികസന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 72 ഓളം കമ്പനികൾക്ക് 15.28 കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നൂതന ആശയങ്ങളുമായി വന്ന 41 യുവസംരംഭകർക്ക് കെ എസ് ഐ ഡി സി മൂലധനനിക്ഷേപമായി 9 കോടി 6 ലക്ഷം രൂപ വരെ അനുവദിക്കുകയുണ്ടായി, |
| (ബി) | ഇതിനായി കെ.എസ്.ഐ.ഡി.സി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് ധന സഹായം നൽകിയെന്നും എന്ത് തുക ഇപ്രകാരം നൽകിയെന്നും വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | നൂതനമായ ആശയങ്ങളെ ഉല്പന്നമാക്കി മാറ്റുന്നതിനും അത് വിപണിയിലെത്തിക്കുന്നതിനുമായി സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഇന്നവേറ്റർമാർ എന്നിവർക്ക് ധനസഹായം നൽകുന്ന പദ്ധതികളും നടത്തിവരുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**